**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2136** **03-03-2025 - ൽ മറുപടിയ്ക്ക്**

**മസ്തിഷ്ക മരണം: അവയവദാനത്തിന് തയ്യാറാകുന്നവരുടെ കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മസ്തിഷ്ക മരണം സംഭവിച്ചശേഷം അവയവദാനത്തിലൂടെ മറ്റുള്ളവർക്ക് പുതുജീവനേകി യാത്രയായ എത്രപേർ കഴിഞ്ഞ നാലുവർഷ കാലയളവിൽ സംസ്ഥാനത്ത് ഉണ്ടെന്നും ഇവരുടെ കുടുംബങ്ങൾക്ക് ഇതിന്റെ പേരിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തു കഴിഞ്ഞ നാല് വർഷ കാലയളവിൽ 61 പേർ മസ്തിഷ്ക മരണാനന്തര അവയവദാനത്തിലൂടെ മറ്റുള്ളവർക്ക് പുതുജീവനേകിയിട്ടുണ്ട്. 1994-ലെ Transplantation of Human Organs Act, 2014-ലെ Transplantation of Human Organs and Tissues Rules, 19.11.2010 ലെ 14931/എസ്2/2009/ആ.കു.വ നമ്പർ സർക്കാർ വിജ്ഞാപനം എന്നിവ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. അവയവദാനത്തിൽ ഏതെങ്കിലും രീതിയിലുള്ള പ്രതിഫലം ഉൾപ്പെടുത്തുന്നത് നിലവിൽ നിലനിൽക്കുന്ന നിയമങ്ങൾക്ക് വിരുദ്ധമാണ്. അവയവദാനം യാതൊരു പ്രതിഫലേച്ഛയും കൂടാതെ മാനവസ്നേഹത്തിൽ അധിഷ്ഠിതമായ പ്രവർത്തിയാണ്. |
| (ബി) | അവയവദാനത്തിന് സന്നദ്ധരായി മരണപ്പെട്ടവരുടെ, യാത്രയയപ്പ വേളയിൽ, 'ഗാർഡ് ഓഫ് ഓണർ' നൽകുന്നത് സർക്കാർ പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (ബി) | മരണാനന്തര അവയവ ദാതാക്കളുടെ സംസ്കാര ചടങ്ങിൽ സർക്കാരിന്റെ ആദരം നൽകണമെന്നുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | അതിന് തയ്യാറായ കുടുംബത്തിലെ അവർ നിർദ്ദേശിക്കുന്ന ഒരാൾക്ക് സർക്കാരിലോ ഇതര സർക്കാർ സ്ഥാപനങ്ങളിലോ നിയമനം നൽകുന്നത് പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | 1994-ലെ Transplantation of Human Organs Act, 2014-ലെ Transplantation of Human Organs and Tissues Rules, 19.11.2010 ലെ 14931/ എസ്2/2009/ആ.കു.വ നമ്പർ സർക്കാർ വിജ്ഞാപനം എന്നിവ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് അവയവദാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നത്. അവയവദാനത്തിൽ ഏതെങ്കിലും രീതിയിലുള്ള പ്രതിഫലം ഉൾപ്പെടുത്തുന്നത് നിലവിൽ നിലനിൽക്കുന്ന നിയമങ്ങൾക്ക് വിരുദ്ധമാണ്. അവയവദാനം യാതൊരു പ്രതിഫലേച്ഛയും കൂടാതെ മാനവസ്നേഹത്തിൽ ചെയ്യേണ്ട പ്രവർത്തിയാണ്. |

സെക്ഷൻ ഓഫീസർ